പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1918 10.03.2020 -ൽ മറുപടിക്ക്.

വിശപ്പുരഹിത കേരളംപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.** പി.കെ. ശശി | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിശപ്പ് രഹിത പദ്ധതിയുടെ നടത്തിപ്പ് രീതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ ; | **(എ)** പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് സൗജന്യമായി ഒരു നേരത്തെ ഭക്ഷണം നല്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ സപ്ലൈ ഓഫീസർ കൺവീനറായി സുഭിക്ഷ കമ്മിറ്റി രൂപീകരിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 20/- രൂപ നിരക്കിൽ ഭക്ഷണം ലഭ്യമാക്കുകയും ചെയ്തു വരുന്നു; |
| **(ബി)** നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | **(ബി)** നിലവിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**